# Lourde Voice

ലൂർദ്ദ് വോയ്സ്

JANUARY 2020


# Happy New Year

LOURDES FORANE CHURCH

GANDHIPURAM, COIMBATORE

WWW.LOURDESFORANE.COM





















BEETEX® INDUSTRIES

808, V.K.K. Menon Road, New Sidhapudur,
Coimbatore - 641 044. Ph : 0422 - 2520279, 4387279.
E-mail : beetexgrinderscbe@yahoo.com
Website : www.beetexgrinders.com



# ഉള്ളടക്കം


കുർബ്ബാനസമയം:
തിങ്കൾ മുതൽ ശനി വരെ
രാവിലെ 6.15നും വൈകിട്ട് 6.00നും

കുർബ്ബാനസമയം
ഞായർ രാവിലെ 6.15, 8.15., 10.30,
വൈകിട്ട് 5.30

Vol. 2 ലൂർദ്ദ്വോയ്സ് പാരിഷ് ബുള്ളറ്റിൻ, ജനുവരി 2020 ISSUE :1

lourdevoicegandhipuram@gmail.com



Chief Editor:
Fr. Thomas Kavungal
Ph: 9443937675
Sub- Editor:
Fr. George Madathikandathil
Ph: 9207910118
Editorial board:
Mrs. Deepa Biju
Mrs. Tina Felix,
Mrs. Ajimol Antony
Mrs. Baby Davis
Sr. Maria Celine
Mr. Poulose
Mr. P. J. James
Mrs. Beena Mathew
Mrs. Deepa Anand
Printing and Publishing:
Mr. Felix P. S.
Ph:9894024729
Mr. Joffy C. J.
Ph: 8903687184
Kaikkars
Mr. Romeo Alosious
Ph: 7871925047
Mr. Sifi Vazhappilly
Ph: 9943855500
Advertisement:
Mr. A. R. Jose
9894031020
Mr. Sijo Jose
9944551415
Secretary:
Sr. Therese John
PRO:
Mr. James M. A.
Ph: 9843316164



- എഡിറ്റോറിയൽ
- ഇടയനാദം
- New Year
- സംഘടനാവാർത്തകൾ
- ഇടവക വാർത്തകൾ
- വത്തിക്കാൻ വാർത്തകൾ
- തമിഴ്
- Thirunal 2020
- സഭാ വർത്തകൾ
- ബേത് സഥാ അനുഭവം
- ഓർമ്മിക്കേണ്ട ദിവസങ്ങൾ
- Kids Corner
- Marian Knowledge
- Catechism News



എഡിറ്റോറിയൽ

# പ്രതീക്ഷയോടെ - ട്വന്റി ട്വന്റി

“ഒരു നല്ല മനുഷ്യന്റെ ജീവിതം നിറവാകുന്നത് അവന്റെ നിസ്സാരമായ അറിയപ്പെടാത്ത, ഓർമ്മിക്കപ്പെടാത്ത കരുണയും സ്നേഹവും നിറഞ്ഞ കൊച്ചു പ്രവർത്തികളിലാണ്”. (വില്യം വേഡ്സ്വർത്ത്). കാലത്തിന്റെ കലണ്ടറിൽ ഒരു വർഷംകൂടി കടന്നുപോകുമ്പോൾ ലോകം മുഴുവൻ സന്തോഷത്തോടെയാണ് പുതുവർഷത്തെ വരവേൽക്കുന്നത്. 2019 ചരിത്രത്തിന്റെ ഭാഗമായിത്തീരുന്നു. 2020 എന്ന പുതവർഷത്തിലേക്ക് നാം പ്രവേശിക്കുന്നു. ജീവിതം വസന്തമാക്കാനുള്ള മനുഷ്യയജ്ഞം നവവത്സരത്തിന്റെ ആഡംബരങ്ങളിലും ആചാരങ്ങളിലും മുഴങ്ങി കേൾക്കാം. പഴയതിനോട് വിടചൊല്ലി പുതിയതിനെ പുൽകാനുള്ള മനഷ്യന്റെ ആഗ്രഹം ആണ്ടുപിറവിയിൽ ആവിഷ്കരിക്കുന്നു. എന്നാൽ ജീവിതം വസന്തമാക്കുന്നത് പുത്തനാണ്ടിന്റെ ആഘോഷങ്ങളല്ല, പ്രത്യുത നവവത്സരത്തിൽ ഉൾക്കൊള്ളുകയും നവീകരിക്കുകയും ചെയ്യുന്ന ജീവിത സ്വപ്നമാണ്. പുത്തൻ പ്രതീക്ഷകളാണ്.

നമുക്ക് പുത്തൻ ഉണർവ്വും പ്രത്യാശയും പ്രതീക്ഷയും പകർന്നുകൊണ്ട് കടന്നുവരുന്ന 2020 - ട്വന്റി ട്വന്റി എന്ന ദൈവത്തിന്റെ ദാനത്തെ ദൈവതൃക്കരങ്ങളിൽ നിന്നും നമുക്ക് സന്തോഷത്തോടെ സ്വീകരിക്കാം. മക്കളേപോലെ ദൈവത്തെ സ്നേഹിക്കാൻ 12 മാസങ്ങൾ. സഹജീവികളുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കാൻ പ്രകാശമേറിയ 52 ആഴ്ചകൾ. ദൈവതിരുമനസ്സ് നിറവേറ്റാൻ 366 പുതിയ ദിവസങ്ങളുള്ള ട്വന്റി ട്വന്റി. ആനന്ദത്തോടെ പുതവർഷത്തെ വരവേൽക്കാം.

മനുഷ്യത്വത്തിന് പ്രാധാന്യം നല്കുന്ന ആസ്വാദനം, കരുണയുടെ മുഖം സമൂഹത്തിൽ പ്രതിഫലിക്കുന്ന ആഘോഷങ്ങൾ, ബന്ധങ്ങൾ ഊട്ടി




യുറപ്പിക്കുന്ന കർമ്മപരിപാടികൾ എന്നിവ പുതവർഷത്തിലുടനീളം നമ്മെ പുതുചൈതന്യത്തിലേക്ക് നയിക്കുന്നതാകണം. അപരനെ ആട്ടിപ്പായിക്കുന്നതിലല്ല- സ്വീകരിക്കുന്നതിൽ, പാർശ്വവൽക്കരിക്കപ്പെട്ടവരെ അവഗണിക്കുന്നതിലല്ല- ഉൾക്കൊള്ളുന്നതിൽ സന്തോഷം കണ്ടെത്താൻ സാധിക്കണം. ഈ ഭൂമിയിൽ ദൈവം നമുക്ക് അനുവദിച്ചു നല്കിയ പരിമിതമായ ജീവിതകാലം നന്മയുടെ, കരുണയുടെ, സ്നേഹത്തിന്റെ, സമത്വത്തിന്റെ, സാഹോദര്യത്തിന്റെ വിത്തുകൾ പാകി നല്ല ഫലം പുറപ്പെടുവിക്കാം. എന്നിലെ അഹം മരിച്ച് അപരൻ ജനിക്കണം. എന്നിലെ ഞാനും നിന്നിലെ നീയും മരിച്ച് അപരൻ ജനിക്കണം. വില കൊടുത്ത് ആയുസ്സ് വാങ്ങാൻ നമുക്കാവില്ല. പക്ഷേ നന്മ പ്രവൃത്തികളിലൂടെ ആയുസ്സിനെ ധന്യമാക്കാനാകും.

പിന്നിട്ട വഴികളിലെ പരാജയങ്ങളെക്കുറിച്ച് വേവലാതിപ്പെടാതെ അവയിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളാനും മനസ്സിന്റെ നവീകരണം വഴി രൂപാന്തരം പ്രാപിച്ച് ക്രിസ്തുവിൽ പുതിയ മനുഷ്യരാകാം. ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയതു കടന്നു പോയി. ഇതാ പുതിയത് വന്നു കഴിഞ്ഞു. (2. കൊറി: 5:17) ക്രിസ്തുവിലുള്ള പുതിയ മനുഷ്യൻ ആകാതെ എത്ര പുതവർഷം ആഘോഷിച്ചാലും ശാശ്വതമായതൊന്നും കണ്ടെത്താനാകില്ല എന്നു തിരിച്ചറിയാം. മാനസാന്തരത്തിലൂടെ ഇതുവരെ പുതിയ മനുഷ്യനായി മാറാത്തവർക്ക് ഈ പുതുവർഷം അതിനുള്ള അവസരമായിത്തീരട്ടെ. ഏവർക്കും ആനന്ദത്തിന്റെ പ്രതീക്ഷയുടെ പുത്തനുണർവിന്റെ ഒരു പുതവത്സരം ആശംസിക്കുന്നു.



# ഇടയനാദം



# കനൽ

കൂട്ടുകാരാ, ഭീരുത്വം മൂലം ഒരിക്കലും ഒരു പട്ടി കുരയ്ക്കാതിരിക്കുന്നില്ല. ഇതാ കാലൻ, ഇതാ കള്ളൻ, ഇതാ ജാരൻ ഇതാ പിരിവുകാരൻ, ഇതാ വിരുന്നുകാരൻ വരുന്നെന്ന് പട്ടി എപ്പോഴും സ്വന്തം ദർശനം അപ്പാടെ വിളിച്ചു പറയുന്നു.

പറയേണ്ടത് പറയാതെ ഒരു പട്ടിപോലും അല്ലാതെ വാലുപോലും ഇല്ലാതെ, നരകത്തിൽ പോലും പോകാതെ ഈ സൗധങ്ങളിൽ നാം ചീഞ്ഞു നാറുന്നു.

കെ.ജി. ശങ്കരപ്പിള്ള

ദൈവമായ കർത്താവ് ഒരു പുതിയ വർഷം കൂടി ജീവിക്കാൻ നമ്മെ അനുവദിക്കുന്നു. ഈ വർഷത്തിൽ വർത്തമാനകാലത്തെ പ്രതിഭാസങ്ങളോട്പ്ര തികരിക്കാൻസ ാധിക്കുന്നഉ ള്ളിൽക നൽസ ൂക്ഷിക്കുന്ന വ്യക്തിയും കുടുംബവും ഇടവകയും ആയി മാറാൻ സാധിക്കണം.

സ്വന്തം സഹോദരൻ/സഹോദരി കൺമുമ്പിൽ പീഡിപ്പിക്കപ്പെടുന്ന വാർത്ത പത്രങ്ങളിൽ വായിക്കുമ്പോഴും ധീരമായ ചുവടുവയ്പുകളും ആത്മത്യാഗഭരിതമായ മുന്നേറ്റങ്ങൾ കാണുമ്പോഴും ധാർമ്മിക രോഷത്തിന്റെ ഉടമയാകാൻ ഈ പുതുവർഷത്തിൽ നമുക്കു ശ്രമിക്കാം...

പത്രവാർത്തകൾ മനസ്സാക്ഷിയെ ജീർണ്ണമാക്കുന്ന വിഷയവും ഈ കാല ഘട്ടത്തിന്റെ കുരിശുമരണവും കലാപവുമൊക്കെ രസം കൊല്ലിയായി മാറുന്ന വിഷയമായി അധഃപതിക്കാതിരിക്കട്ടെ.

എന്റെയും എന്റെ കുടുംബത്തിന്റെയും മാത്രം സുരക്ഷിതത്വം കൊടുക്കുന്ന സ്വാർത്ഥ ചിന്തയ്ക്ക് പുതുവർഷത്തിൽ ഗുഡ്ബൈ പറ



യാം. മെഴുകുതിരിയുടെ മങ്ങിയ വെളിച്ചം കണ്ട് ശീലിച്ചവർക്ക് സൂര്യ വെളിച്ചം കാണാനാവില്ല. സമർത്ഥരും ശക്തരും എന്റെ സഹജീവി യുടെ മേൽ സവാരി നടത്തുമ്പോൾ ആൾക്കൂട്ടകൊലപാതകവും ഇന്ത്യ യുടെ ആത്മാവിനെ കീറിമുറിക്കുന്നതും കാണുമ്പോൾ തെറ്റാണ് എന്നു വിളിച്ചു പറയാൻ എന്റെ മനസ്സ് സന്നദ്ധമാകുന്നുണ്ടോ. അതോ ഏകാകിയായ വിഷാദ ലോകത്തിൽ ഇത്തരം അനീതിക്കെതിരെ നിശ്ശ ബ്ദമാകുന്ന ഒരു ആത്മാവിന്റെ ഉടമയാകാതിരിക്കാൻ പുതുവർഷ ത്തിൽ നമുക്കു ശ്രമിക്കാം.

പ്രവാചകൻ കനൽ ഉള്ളിൽ സൂക്ഷിച്ചവൻ, പിഴുതെറിയാനും തകിടം മറിക്കാനും, വെട്ടിനിരത്താനും, നട്ടുവളർത്താനുമൊക്കെ കുറെ ജീവി തങ്ങൾ.ഉദാ: ജെറമിയാ ദൈവത്തോട് കലഹിച്ചും ജനത്തിനുവേണ്ടി വാദിച്ചും, ഒരുതരം വിപ്ലവകാരി. ദൈവത്തോടു പോലും കലഹിക്കുന്ന വൻ പാവപ്പെട്ടവന്റെ കനൽ ആയിരുന്നു. രണ്ടാമത്തേത് സ്നാപകയോ ഹന്നാൻ ദൈവത്തെ പ്രഘോഷിച്ചും ലോകത്തോട് കലഹിച്ചവൻ ഭൂമി യിൽ മുഴക്കിയ സ്വരം ജനത്തിന്റെ ദുഷ് പ്രവണതകൾക്കെതിരേയായി രുന്നു. സമൂഹത്തിന്റെ ചാപല്യങ്ങൾക്ക് വളഞ്ഞുകൊടുക്കാത്തവൻ ഒരുവന്റെ പ്രതിരോധ ശക്തിയാണ് അവിടെ മുഴങ്ങുളി കേൾക്കുക.

ദൈവം നമുക്ക് ദാനമായി തരുന്ന പുതുവർഷം കനൽ ഉള്ളിൽ സൂക്ഷി ക്കുന്ന പ്രതികരിക്കാനും വളർത്താനും പ്രോത്സാഹിപ്പിക്കാനും കഴി യുന്ന ഒരു വ്യക്തിയായി തീരാം. ജനശക്തിയെ ഉണർത്താം.

ഏവർക്കും പുതുവത്സരാസംകൾ

വികാരി
**ഫാ. തോമസ് കാവുങ്കൽ**



# NEW YEAR



As we have gone through the liturgical seasons of Annunciation and the season of Epiphany, it is an opportunity to reflect on the mystery of God's love for us that we are celebrating.

The birth of Jesus is the greatest work of God because it is the greatest manifestation of the merciful love of God for us. It is His greatest act of love for us. The salvation, the sanctification and the eternal happiness of the whole human race depend totally upon the Incarnation of the Word – the birth of Jesus Christ.

Jesus, the Word, the second Person of the Holy Trinity, made flesh, is the one source of our salvation, of our sanctification, of our hope of eternal life with God. Without Jesus we would not be able to call God, "Our Father!" We could not love Him as a son or daughter loves his or her father.S aint John, the beloved apostle, reminds us that, because of Jesus, we are to, "See what love the Father has given us, that we should be called children of God; and so indeed we are." (1 John.3.1) .

The great preacher, Saint Alphonsus Liguori, said, "I think God must have said to Himself: Man does not love me because He does not see me; I will show myself to him and thus make him love me. God's love for man was very great, and had been great from all eternity, but this love had not yet become visible… Then, it really appeared; the Son of God let Himself be seen as a tiny Baby in a stable, lying on a little straw."

May God bless you in this holy season!

**Fr. George Madathikandathil**

Asst. Vicar



# സംഘടനാവാർത്തകൾ

**SMYM അഭിനന്ദനങ്ങൾ**

ഈ വർഷത്തെ ക്രിസ്തുമസ്സ് മനോഹരമാക്കാൻ പരിശ്രമിച്ച SMYM സംഘടനയ്ക്കും അംഗങ്ങൾക്കും നന്ദി പറയുന്നു. ദൈവാലയത്തിൽ മനോഹരമായ നക്ഷത്രം ഒരുക്കുകയും കരോൾ ദിവസങ്ങളിൽ ഭവന ങ്ങൾതോറും കയറി ഇറങ്ങി എല്ലാ ഭവനങ്ങളിലും സമ്മാനങ്ങൾ നൽകുകയും, കേക്ക് , നക്ഷത്ര സ്റ്റാളുകൾ നടത്തിയും കുമ്പസാരിച്ച് വി. ബലിയിൽ പങ്കെടുത്തും ക്രിസ്തുമസ്സും പുതുവത്സരവും മനോഹ രമാക്കി. SMYM ഭാരവാഹികൾ ആനിമേറ്റർമാർ, പ്രത്യേക കമ്മറ്റിയംഗ ങ്ങൾ എന്നിവർക്ക് നന്ദി രേഖപ്പെടുത്തുന്നു.

**പിതൃവേദി**

ക്രിസ്തുമസ്സ് സമ്മാനമായി 13 യൂണിറ്റിൽ നിന്നും ഓരോ കുടുംബ ത്തിന് 1000 രൂപ വിലയുള്ള ക്രിസ്തുമസ്സ് സമ്മാനം നൽകി. കൂടാതെ ക്രിസ്തുമസ്സ് വിഭവങ്ങൾ ഒരുക്കുകയും കൂട്ടായ്മ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ക്രിസ്തുമസ്സ് ദിനത്തിൽ സ്നേഹവിരുന്ന് നൽകിയും ക്രിസ്തു മസ്സ് അനുഭവമാക്കിയ പിതൃവേദി ഭാരവാഹികൾ, സ്പോൺ സർമാർ, സംഘ ടനാ അംഗങ്ങൾ എന്നിവർക്ക് പ്രത്യേകം അനുമോദനങ്ങൾ.

**മാതൃവേദിയുടെ ക്രിസ്തുമസ്സ്**

ക്രിസ്തുമസ്സിന് 13 യൂണിറ്റിലെ വിധവകളും ആവശ്യത്തിൽ കഴിയുന്ന വരുമായ അമ്മമാർക്ക് 1000 രൂപയുടെ സഹായം നൽകിയും ഓരോ അമ്മയും ക്രിസ്തുമസ്സ് കാലത്തിൽ മറ്റൊരു അമ്മയ്ക്കുവേണ്ടി പ്രാർത്ഥിച്ചു. അനുദിന വി. കുർബാന കുമ്പസാരം എന്നിവയിൽ പങ്കെ ടുത്തു നന്നായി ഒരുങ്ങി. എല്ലാ അമ്മമാർക്കും പ്രത്യേകം നന്ദി...

**സോഷ്യൽ സർവീസ്**

മാതൃവേദിയുടെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് പ്രചോദനമേ കാൻ അമ്മമാർ നേതൃത്വം നൽകിയ ബെഡ് സ്പ്രെഡ് സ്കീം (Bed spread scheme) വിജയിപ്പിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ....



**തിരുനാൾ അലങ്കാരം**

ഈ വർഷത്തെ തിരുനാളിനോടനുബന്ധിച്ച് ദൈവാലയ അലങ്കാരം മാതൃവേദിയുടെയും ബഹു. സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിലായിരിക്കും. പ്രകൃതിവിഭവങ്ങൾ കൊണ്ട് ദൈവാലയം അലങ്കരിക്കാൻ ശ്രദ്ധിക്കുമല്ലോ.

**മാതൃവേദി യാത്ര**

2020 ജനുവരി 13-ാം തിയതി പുറപ്പെടുന്ന മാതൃവേദിയാത്രയ്ക്ക് എല്ലാവിധ മംഗളങ്ങളും നേരുന്നു. തങ്കി, ആർത്തുങ്കൽ, കൈനഗിരി എന്നീ ദൈവാലയങ്ങൾ സന്ദർശിക്കുകയും യേശുവിന്റെ മുടി വളരുന്ന അത്ഭുതം, വി. സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥം വി. ചാവറ പിതാവിന്റെ ജന്മഗൃഹം എന്നിവ കണ്ട് ആലപ്പുഴ കായലിലൂടെ ബോട്ട് യാത്ര ചെയ്യാനും സാധിക്കും. എല്ലാ അമ്മമാരും പങ്കെടുക്കുമല്ലോ...

**യൂണിറ്റ് വാർത്തകൾ**

**ക്രിസ്തുമസ്സ് കരോൾ**

ഈ വർഷത്തെ ക്രിസ്തുമസ് കരോൾ മനോഹരമാക്കാൻ ഉദ്യമിച്ച എല്ലാവർക്കും കരോൾ ടീമിനെ അനുഗമിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത യൂണിറ്റ് ഭാരവാഹികൾക്കും ഭക്ഷണം നൽകിയ കുടുംബങ്ങൾക്കും പ്രത്യേകം നന്ദി.... ഉണ്ണീശോ ഏവരേയും അനുഗ്രഹിക്കട്ടെ.

**സെന്റ് ജോർജ്ജ് യൂണിറ്റിന് അഭിനന്ദനങ്ങൾ**

ഈ വർഷത്തെ ക്രിസ്തുമസ്സ് പുൽക്കൂട് പ്രകൃതി രമണീയമാക്കിയ സെന്റ് ജോർജ്ജ് യൂണിറ്റിന് പ്രത്യേകം നന്ദി. എല്ലാവർക്കും പുൽക്കൂട് ഒരു പുതിയ അനുഭവമായി. നേതൃത്വം നൽകിയവർക്കും സാമ്പത്തിക സഹായം നൽകിയവർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

**നിത്യതയിലേക്ക്**

1. സെന്റ് ജോൺ മരിയ വിയാനി യൂണിറ്റ്, ഫ്ളൗബർട്ട് സി ജോസ് (34 വയസ്സ്) നവംബർ 28-ാം തിയതി കർത്താവിൽ നിദ്രപ്രാപിച്ചു.

2. സെന്റ് ജോസഫ് യൂണിറ്റ് കണ്ണനായ്ക്കൽ മേരി വർഗ്ഗീസ് (73 വയ



സ്സ്) ഡിസംബർ 10-ാം തിയതി കർത്താവിൽ നിദ്ര പ്രാപിച്ചു.

3. സെന്റ് അൽഫോൻസാ യൂണിറ്റ് പട്ടത്തുപറമ്പിൽ സൂസമ്മ ഫ്രാൻസിസ് (57 വയസ്സ്) ഡിസംബർ 17-ാം തിയതി കർത്താവിൽ നിദ്ര പ്രാപിച്ചു.

മൂന്ന് കുടുംബങ്ങളിൽ നിന്നും മരിച്ചുപോയവർക്കുവേണ്ടിയും അവരുടെ കുടുംബാംഗങ്ങൾക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കാം.

**മാതൃവേദി**

പുത്തനുണർവോടെ പുതുവർഷ പുലരിയിലേക്ക് ...

പുതു തീരുമാനങ്ങളോടും, പുതു ചുവടുവെയ്പ്പോടും കൂടി വീണ്ടും ഇതാ നമ്മൾ ഒരു പുതുവർഷത്തിലേക്ക് കടക്കുന്നു. ദൈവകൃപയ്ക്കായി പ്രാർത്ഥിച്ചുകൊണ്ട് പുതുവർഷം പുതുമയുടെയും സമ്പൽ സമൃദ്ധിയുടെയും കാലമായി മാറ്റാം. എല്ലാവർക്കും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ഒരു പുതുവർഷം ആശംസിക്കുന്നു.

പുതുവർഷത്തെ ആദ്യ മീറ്റിംഗ് 5-ാം തിയ്യതി ഞായറാഴ്ച രണ്ടാമത്തെ ദിവ്യബലിയ്ക്കുശേഷം ഉണ്ടായിരിക്കുന്നതാണ്. എല്ലാ അംഗങ്ങളും സംബന്ധിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

BED SPREAD SCHEME

മാതൃവേദിയുടെ സാമൂഹിക പ്രവർത്തനത്തിന് ആവശ്യമായ മൂലധനം സ്വരൂപിക്കുന്നതിന്റെ ഭാഗമായി തുടങ്ങിയ ബെഡ്ഷീറ്റ് വിതരണ പദ്ധതി കൃത്യനിഷ്ഠമായും, വിജയകരമായും പൂർത്തിയാക്കുന്നതിന് സാധിച്ചു. അതിന് എല്ലാ പ്രോത്സാഹനം നൽകിയ ബഹു. കാവുങ്കലച്ചനും, വാങ്ങുന്നതിനും വിൽക്കുന്നതിനും സഹായിച്ച എല്ലാ വ്യക്തികൾക്കും ഹൃദ്യമായ നന്ദി....

ഇതിന്റെ വരവുചെലവു കണക്കുകൾ നോക്കിയ ശ്രീമതി ജൂബി, ബെന്നി, ശ്രീമതി ഫെനില ജോജു, ശ്രീമതി കാതറിൻ റോമിയോ എന്നിവർക്കും അവരെ സഹായിച്ച ശ്രീമതി ബേബി ഡേവിസിനും, ശ്രീമതി



മേഴ്സി ജാമിയ്ക്കും നന്ദിയും അഭിനന്ദനങ്ങളും.

BED SPREAD ബംബർ സമ്മാനം നേടിയ ശ്രീമതി വൽസാ ബെന്നിക്കും 2-ാം സ്ഥാനം ശ്രീമതി ബേബി ഡേവിസിനും, 3-ാം സ്ഥാനം ശ്രീമതി ബീനാ മാത്യുവിനും, 4-ാം സ്ഥാനം ശ്രീമതി ഗ്രേസി റെണാൾഡിനും 5-ാം സ്ഥാനം ശ്രീമതി സിജി ബിജുവിനും സമ്മാനവും അഭിനന്ദനങ്ങളും ബഹു. വികാരിയച്ചൻ നേർന്നു. 20 ൽ അധികം ഷീറ്റുകൾ വിൽക്കപ്പെട്ടവർക്ക് പ്രോത്സാഹനസമ്മാനങ്ങൾ നൽകുകയും ചെയ്തു.

**കൈയെഴുത്തു മാസിക**

രൂപതാ മാതൃവേദി 'വിശ്വാസപരിശീലനവും കുടുംബവും' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ കൈയെഴുത്തു മാസികയിലേക്ക് കഥ, കവിത, ലേഖനങ്ങൾ പെയിന്റിംഗ് എന്നിവ നൽകിയവർക്കും അതിനുവേണ്ടി സഹായിച്ചവർക്കും എഡിറ്റോറിയൽ അംഗങ്ങൾക്കും നന്ദി.

**ക്രിസ്തുമസ് ഫ്രണ്ട്**

ക്രിസ്തുമസിന് ഒരുങ്ങുന്നതിന്റെ ഭാഗമായി മാതൃവേദി ക്രിസ്തുമസ് ഫ്രണ്ടിനെ തിരഞ്ഞെടുക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ക്രിസ്തുമസ് ദിനത്തിൽ സമ്മാനങ്ങൾ കൈമാറുകയും ചെയ്തു.

**തിരുനാൾ അലങ്കാര കമ്മിറ്റി**

ഇടവക തിരുനാളിനോടനുബന്ധിച്ച് ദൈവാലയത്തിന്റെ ഉള്ളിലെ അലങ്കാരത്തിന് വേണ്ടി ശ്രീമതി ജിൻസി സ്റ്റാൻലി, ശ്രീമതി റോസ് മോൾ വിൻസെന്റ്, ശ്രീമതി മോളി ജോയ് എന്നിവരെ കമ്മിറ്റി അംഗങ്ങളായി മാതൃവേദി ജനറൽ ബോഡിയിൽ തിരഞ്ഞെടുത്തു. അവരോടൊപ്പം എല്ലാ അമ്മമാരും സഹകരിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.



# ഇടവക വാർത്തകൾ

**പുതുവത്സരാശംസകൾ**

എല്ലാവർക്കും പുതുവർഷത്തിന്റെ എല്ലാ നന്മകളും ആശംസിക്കുന്നു. ദൈവം കനിഞ്ഞു നല്കിയ എല്ലാ അനുഗ്രഹങ്ങളെയും നന്ദിയോടെ സ്മരിക്കാനും പ്രത്യാശയോടെ വരും വർഷത്തെ വരവേൽക്കാനുള്ള അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം. നല്ല തീരുമാനങ്ങൾ കൈക്കൊണ്ട് നല്ല ക്രിസ്തീയ ജീവിതം നയിക്കാൻ പരിശ്രമിക്കാം....

**പ്രീ -കാന സെമിനാർ**

വിവാഹത്തിന് ഒരുക്കമായുള്ള പ്രീകാന സെമിനാർ 2020 ജനുവരി 14,15,16 (ചൊവ്വ, ബുധൻ,വ്യാഴം) തിയ്യതികളിൽ സാൻതോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. വിവാഹത്തിനായി ഒരുങ്ങുന്ന യുവതീയുവാക്കളും പങ്കെടുക്കുക.

**നവദമ്പതികൾക്ക് സ്വീകരണം**

2020 ജനുവരി 26-ാം നവദമ്പതികൾക്കായി (2019 ജനുവരി 1 നും 2019 ഡിസംബർ 31 നും ഇടയിൽ വിവാഹിതരായവർ) ഒരു സെമിനാർ സംഘടിപ്പിക്കുന്നു. രൂപതാ സാൻതോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെടുന്ന സെമിനാറിൽ ഇടവകയിലെ നവദമ്പതികൾ പങ്കെടുക്കുമല്ലോ.

**ദീപിക ദിനപത്രം**

ദീപിക ദിനപത്രം ന്യൂ ഇയർ എഡിഷൻ പുതിയതായി വന്നിരിക്കുന്നു. ഇടവകയിലെ കുടുംബങ്ങൾ ദീപിക വരിക്കാരാകണമെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

**പ്രഥമദിവ്യകാരുണ്യ സ്വീകരണം 2020 മെയ് 3 ന്**

നമ്മുടെ ഇടവകയിൽ 4-ാം ക്ലാസ്സു പൂർത്തിയാക്കിയിരുന്ന എല്ലാ കുട്ടികളും പ്രഥമ ദിവ്യകാരുണ്യ സ്വീകരിക്കേണ്ടതാണ്. പ്രഥമ ദിവ്യകാരുണ്യ സ്വീകരണ തിയ്യതി 2020 മെയ് 3 -10 തിയ്യതി ഞായറാഴ്ചയാണ്. നമുക്ക് കുട്ടികളെ സമർപ്പിച്ച് പ്രാർത്ഥന ആരംഭിക്കാം.

**Lourde Voice**

ലൂർദ്ദ് വോയ്സിന്റെ 2020 വരിസംഖ്യ യൂണിറ്റ് ഭാരവാഹികൾ Collect ചെയ്തു കൈക്കാരന്മാരെ ഏല്പിക്കുക. പരസ്യക്കാർ അതാതുമാസം



15–ാം തിയ്യതിക്ക് മുൻമ്പാക്കെ നൽകുക. Lourde Voice പുതിയ വർഷ ത്തേക്ക് പരസ്യം നൽകിയ എല്ലാവർക്കും നന്ദി. വാർത്തകൾ എല്ലാ മാസവും 15–ാം തിയ്യതിക്കു നൽകാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുക.

**പൊന്ന് മീറ, കുന്തിരിക്കം**

ഡിസംബർ 1–ാം തിയ്യതി മുതൽ 25–10 തിയ്യതി വരെ മുടങ്ങാതെ പള്ളിയിൽ വന്ന എല്ലാ വ്യക്തികൾക്കും കുടുംബൾക്കും ക്രിസ്തുമസ് പാതിരക്കുർബാനക്ക് ശേഷം സമ്മാനങ്ങൾ നൽകി 100 ൽ അധികം പേർ സമ്മാനാർഹരായി. എല്ലാവരെയും ഇമ്മാനുവേൽ അനുഗ്രഹിക്ക ട്ടെ.

**മാലാഖമാരുടെ സംഗീതം**

തിരുപിറവിയുടെ ദിവ്യബലിക്ക്ശേഷം യുണിറ്റ് അടിസ്ഥാനത്തിൽ കരോൾ ഗാനാലാപനം നടത്തി പങ്കെടുത്ത എല്ലാ യുണിറ്റുകൾക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

**ഉണ്ണി പിറന്നേ**

ഈ വർത്തെ ക്രിസ്തുമസ്സ് തിരുക്കർമ്മകൾ മനോഹരമാക്കാൻ അദ്ധ്വാ നിച്ച ബഹു. സിസ്റ്റേഴ്സ്, കൈക്കാരന്മാർ ഗായക സംഘം, കപ്യാർമാർ, കാറ്റിക്കിസം ടീച്ചേഴ്സ്, അൾത്താരസംഘം, യുണിറ്റ് ഭാരവാഹികൾ, പിതൃവേദി, യുവജനങ്ങൾ, മതബോധന വിദ്യാർത്ഥികൾ, മറ്റ് രീതി യിൽ സാമ്പത്തികമായും, ശാരീരികമായും അദ്ധ്വാനിച്ചവർക്കും ഒരുപാട് നന്ദി.

**ദേശീയതല പരീക്ഷകൾക്കുള്ള പരിശീലനം**

രൂപതയിലെ 7,8,9 ക്ലാസ്സുകളിൽ പഠിക്കുന്ന രൂപതാംഗങ്ങളായ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് വേണ്ടി "Mater Dei"സ്കൂളിൽ വച്ച് (പട്ടണം) പ്രത്യേക പരിശീലനം നടത്തപ്പെടുന്നു. നമ്മുടെ ഇടവകാംഗ ങ്ങൾ ഈ അവസരം പ്രയോജനപ്പെടുത്തുമല്ലോ.

Angels Choir

രാമനാഥപുരം ഇടവക SMYM നേതൃത്വം നല്കിയ ഇന്റർ പാരിഷ് കരോൾ ഗാനമത്സരത്തിൽ പങ്കെടുത്ത് ഒന്നാം സ്ഥാനം 10,000/– രൂപ ക്യാഷ് അവാർഡും, ട്രോഫിയും കരസ്ഥമാക്കിയ ക്വയർ അംഗങ്ങളെ അഭിനന്ദിക്കുന്നു. തുടർന്നും നല്ല പരിശീലനത്തോടെ ആരാധനാഗീതം ആലപിക്കാം.



# ഇടവക തിരുനാൾ

നമ്മുടെ ഇടവക മദ്ധ്യസ്ഥയായ പരി. കന്യകാമറിയത്തിന്റെയും രക്ത സാക്ഷിയായ വി. സെബസ്ത്യാനോസിന്റെയും തിരുനാൾ 2020 ജനുവരി 26-ാം തിയതി മുതൽ ആരംഭിച്ച് 2020 ഫെബ്രുവരി 1,2 (ശനി,ഞായർ) ദിവസങ്ങളിൽ ആഘോഷപൂർവ്വം നടത്തപ്പെടുകയാണല്ലോ. തിരുനാൾ ആത്മീയ അനുഭവമാക്കാം. ജനുവരി 26-ാം തിയ്യതി ആരാധനയിൽ പങ്കെടുത്തും തുടർന്നു വരുന്ന എല്ലാ ദിവസവും നൊവേനയിലും വി. കുർബാനയിലും കുടുംബം മുഴുവൻ പങ്കുചേർന്ന് കുമ്പസാരിച്ചും അമ്പുപ്രദക്ഷിണത്തോടൊപ്പം ഭവനങ്ങളിൽപോയും തിരുനാൾ ചെലവിലേയ്ക്ക് എന്റെ കുടുംബത്തിന്റെ ഒരു വിഹിതം നൽകിയും തിരുനാൾ പ്രദക്ഷിണത്തിലൂടെ സാക്ഷ്യം നൽകിയും ബന്ധുക്കൾക്കും പാവപ്പെട്ടവർക്കും വിരുന്ന് പങ്കുവെച്ചും ഈ തിരുനാൾ ഒരു ആത്മീയ അനുഭവമാക്കാം. എല്ലാവർക്കും തിരുനാൾ ആശംസകൾ...

**തിരുനാൾ ആരാധന**

ജനുവരി 26-ാം തിയതി ഉച്ചക്ക് 12 മണി മുതൽ വൈകിട്ട് 5 മണിവരെ കുടുംബ യൂണിറ്റ്, സംഘടനകളുടെ നേതൃത്വത്തിൽ തിരുനാൾ പ്രത്യേക ആരാധന നിത്യാരാധനാ കേന്ദ്രത്തിൽ നടത്തപ്പെടുന്നു. എല്ലാവരും പങ്കെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**തിരുനാൾ പ്രത്യേക ആരാധന സമയക്രമം**

12 pm – 12:45 pm പിതൃവേദി, പ്രാർത്ഥനാ ഗ്രൂപ്പ് അംഗങ്ങൾ

12:45 pm – 1:30pm മാതൃവേദി, സെന്റ് പോൾ യൂണിറ്റ്, ബഹു. സിസ്റ്റേഴ്സ്

1:30 pm – 2:15pm സെന്റ് മേരീസ് യൂണിറ്റ്, ലിറ്റിൽ ഫ്ളവർ യൂണിറ്റ് സെന്റ് ആന്റണി യൂണിറ്റ്

2:15pm – 3:00pm സെന്റ് പീറ്റർ യൂണിറ്റ്, സെന്റ് തോമസ് യൂണിറ്റ്, സെന്റ് വിൻസെന്റ് ഡി പോൾ യൂണിറ്റ്

3:00pm-–3:45pm സെന്റ് ജോർജ്ജ് യൂണിറ്റ്, സെന്റ് അൽഫോൻസ യൂണിറ്റ്, സെന്റ് ഫ്രാൻസിസ് സേവ്യർ യൂണിറ്റ്



3:45 pm–4:30pm സെന്റ് ജോസഫ് യൂണിറ്റ്, സെന്റ് ജോൺ മരിയ വിയാനി യൂണിറ്റ്, സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്

4:30 pm–5:15 pm SMYM മതബോധനം പൊതു ആരാധന, തുടർന്ന് വി. കുർബാന

**ത്യാഗം സമർപ്പണം**

വീടുകളിൽ കഴിഞ്ഞ വർഷമായി സ്വരിക്കുട്ടിയ ത്യാഗത്തിന്റെ സമർപ്പണം നൽകിയ എല്ലാ ഭവനങ്ങൾക്കും നന്ദി. ഇത് Collect ചെയ്യാൻ അദ്ധ്വാനിച്ച കൈക്കാരന്മാർ യൂണിറ്റ് ഭാരവാഹികൾ എന്നിവർക്ക് നന്ദി. നമ്മുടെ ത്യാഗാർപ്പണം എല്ലാ മാസവും നിക്ഷേപിച്ച തമ്പുരാനും കൊടുക്കാം.

**തിരുനാൾ കമ്മിറ്റി**

വിവിധ കമ്മിറ്റിയംഗങ്ങൾ ഉത്സാഹത്തോടും തീക്ഷ്ണതയോടും കൂടെ പ്രവർത്തിക്കാൻ സന്നദ്ധരാകണമെന്ന് ഓർമ്മപ്പെടുത്തുന്നു. തിരുനാൾ ശാന്തമായും മനോഹരമായും നടത്തുവാൻ പരിശ്രമിക്കാം.

**സംഗീത വിരുന്ന്**

തിരുനാൾ കൊടിയേറ്റത്തോടനുബന്ധിച്ച് ജനുവരി 26–ാം തിയതി വൈകുന്നേരം 6:45 മുതൽ 7:45 വരെ നമ്മുടെ ഇടവകയിലെ ഗായക സംഘം ഒരുക്കുന്ന സംഗീതവിരുന്ന് നടത്തപ്പെടുന്നു. അവരെ പ്രോത്സാഹിപ്പിക്കാൻ എല്ലാവരും ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കുന്നു.

**മതബോധന വാർത്തകൾ**

**മതബോധനദിനം**

ജനുവരി 12–ാം തിയ്യതി മതബോധനദിനം ആചരിക്കുകയാണല്ലോ. അന്നേ ദിവസം രാവിലെ 8:15 നുള്ള ദിവ്യബലിയ്ക്കുശേഷം മതോബോധനവിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വി. മറിയം ത്രേസ്യയുടെ ജീവിതത്തെ ആസ്പദമാക്കി ദൃശ്യശ്രാവ്യ നൃത്ത ആവിഷ്കകാരം നടത്തപ്പെടുന്നു. മതാധ്യാപകർ കുട്ടികളെ നന്നായി ഒരുക്കണം. മതാപിതാക്കൾ കുട്ടികളെ പ്രോത്സാഹിപ്പിക്കുമല്ലോ.



## Parents Day

ഡിസംബർ 8-ാം തിയതി  മതബോധന വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്കുവേണ്ടി ഒരു ഏകദിന സെമിനാർ നടത്തി. 150 ൽ അധികം മാതാപിതാക്കൾ പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും ക്ലാസ്സുകൾ നയിച്ച റവ. ഫാ. ജോമിസ് കൊടകശ്ശേരിയച്ചനും നന്ദി പറയുന്നു. അദ്ദേഹത്തിന്റെ വി. കുർബാനയും ക്ലാസ്സും വളരെ അനുഭവം നിറഞ്ഞതായി.

**കുട്ടികളുടെ ക്രിസ്തുമസ്സ് അനുഭവങ്ങൾ**

മതബോധനവിഭാഗം വിവിധ പരിപാടികളോടെ ക്രിസ്തുമസ്സ് ഒരുക്കി. ഓരോ വിഭാഗം വീതം കുട്ടികൾ ത്യാഗാർപ്പണവും പരിത്യാഗപ്രവൃത്തികളും ചെയ്ത്  പാവപ്പെട്ടവരെ സഹായിച്ചു ക്രിസ്തുമസ്സ് ട്രീയും സമ്മാനങ്ങളും ഒരുക്കി. എല്ലാവരും കുമ്പസാരിച്ചു. കുറച്ചുപേർ മുടങ്ങാതെ അനുദിനദിവ്യബലിയിൽ പങ്കെടുത്തു. കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും നേതൃത്വം നൽകുകയും ചെയ്ത മതാധ്യാപകർക്കും മാതാപിതാക്കൾക്കും നന്ദി....

**മതബോധനപരീക്ഷ (X, XI, XII)**

ഈ വർഷം 10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സെക്കന്റ് സെമസ്റ്റർ പരീക്ഷ ജനുവരി 26-ാം തിയതി ഞായറാഴ്ച രാവിലെ 10 മുതൽ 12:30 വരെ നടത്തപ്പെടുന്നതാണ്. എല്ലാവരും പഠിച്ച് ഒരുങ്ങുമല്ലോ..



**Contribution given for various purpose and Beneficiaries from month of 2019 November to December 2019**

| No | Receipt | Name | Purpose | Date | Expense | Amount |
|---|---|---|---|---|---|---|
| | | **Balance** | | | | **7460.00** |
| 1 | 790 | SMYM | Cemetry | 23-11-2019 | | 3925.00 |
| 2 | 791 | Mrs.Jeni Francis | Cemetry | | | 5000.00 |
| 3 | | | Door | | 9000.00 | |
| 4 | 792 | Simon Melit | Cemetry | 24-11-2019 | | 1000.00 |
| 5 | 793 | Jose Thartathil Ponmani | Cemetry | 26-11-2019 | | 5000.00 |
| 6 | 794 | P.V.Francis | Cemetry | 27-11-2019 | | 6000.00 |
| 7 | | | Civil Work | | 10000.00 | |
| 8 | 795 | Maneesh | Poorfund | 28-11-2019 | | 5000.00 |
| 9 | 796 | Mrs. Rosely George | Cemetry | 29-11-2019 | | 2000.00 |
| 10 | | Medical Aid | | | 2500.00 | |
| 11 | 797 | Mathai Vadakkoott | Cemetry | 30-11-2019 | | 3000.00 |
| 12 | | House Rent aid | | | 5000.00 | |
| 13 | 798 | Antony Manniplackal | Cemetry | 30-11-2019 | | 2000.00 |
| 14 | 799 | Benny George | Cemetry | 1-12-2019 | | 5000.00 |
| 15 | | | Civil work | | 7000.00 | |
| 16 | 800 | Benefactor | Cemetry | 01-12-2019 | | 5000.00 |
| 17 | | Elatrical work | Cemetry | | 10000.00 | |
| 18 | | Medical Aid | | | 1500.00 | |
| 19 | 801 | Base | cemetry | 01-12-2019 | | 1500,00 |
| 20 | 801 | Clara Antony | Poor Fund | 2-12-2019 | | 3000.00 |
| 21 | 802 | Contribution | Christmas Gift | 2-12-2019 | | 3500.00 |
| 22 | 803 | | Christmas gift | 100*40 | 4000.00 | |
| 23 | 804 | Mr.Don Thomas | Cemetry | 03-12-2019 | | 5000.00 |
| 24 | 805 | Livin Thomas | Medical Aid | 04-12-2019 | | 12800.00 |
| 25 | | | Medical Aid | 05-12-2019 | 7500.00 | |
| 26 | 806 | Joy Manichery | Cemetry | | | 2000.00 |
| 27 | 807 | Liji Antony | Cemetry | | | 2000.00 |
| 28 | | House Construction | Mr.Antony | | 5000.00 | |
| 29 | | Medical Aid | | | 1000.00 | |
| 30 | 808 | Roy Chalissery | Cemetry | 10-12-19 | | 2000.00 |
| 31 | 809 | Ouseph M.C. | Poor Fund | 11-12-2019 | | 2500.00 |
| 32 | 810 | Alex Chalissery | Poor Fund | 15-12-2019 | | 7200.00 |
| 33 | 811 | Jibin Jose | Christmas Gift | 20-12-2019 | | 2500.00 |
| 34 | | Church Articles | | | | 2800.00 |
| | | | | | **62500.00** | **97185.00** |
| | | | | Balance | 34685.00 | |
| | | | | | **97185.00** | **97185.00** |



# വത്തിക്കാൻ വാർത്തകൾ

**വാർദ്ധക്യം കൃപയുടെയും സംവാദത്തിന്റെയും സമയം: ഫ്രാൻസിസ് മാർപാപ്പ**

പ്രായമായ തൊഴിലാളികളുടെ ദേശീയ സംഘടനയുടെ 70-ാം വാർഷികത്തോടനുബന്ധിച്ച് പാപ്പായെ കാണാനെത്തിയവരുമായി നടന്ന കൂടികാഴ്ചയിലാണ് വാർദ്ധക്യം കൃപയുടെയും സംവാദത്തിന്റെയും സമയമാണെന്ന് പാപ്പ വെളിപ്പെടുത്തിയത്. സമൂഹത്തിൽ പ്രായമായവരെ ഒരു ഭാരമായി കാണരുത്. അവർ ആരാണെന്ന് തിരിച്ചറിഞ്ഞ് അവരെ പരിഗണിക്കുമ്പോൾ അവരിൽ നിറഞ്ഞു നിൽക്കുന്ന സമ്പത്തും അതിന്റെ ഉറവിടവും കണ്ടെത്താൻ കഴിയുമെന്നും പ്രായമുള്ളവർ അവരുടെ സ്വമേധയാ ഉള്ള കഴിവുകളെ സംഭാവനചെയ്യുമ്പോൾ അതിൽ നിന്നു പല അനുഭവങ്ങളെ സ്വന്തമാക്കാനുള്ള അവസരങ്ങളായിതീരുമെന്നും പാപ്പ ഉദ്ബോധിപ്പിച്ചു. കൂടുതൽ നീതിപൂർവവും മനോഹരവും പിന്തുണയുമുള്ള ക്രൈസ്തവ സമൂഹം നിർമ്മിക്കുന്നതിന് പ്രായമായവരും യുവജനങ്ങളും തമ്മിലുള്ള കൂടിക്കാഴ്ചയും സംവാദവും ആവശ്യമാണെന്ന് പാപ്പ പ്രസ്താവിച്ചു.

**ദൈവം നമ്മുടെ അഭയശില**

“സഭയിന്ന് ദൃഢതയെ പ്രകീർത്തിക്കുന്നു. ദൈവത്തിൽ ശരണപ്പെടുക, എന്തെന്നാൽ അവിടുന്ന് ശാശ്വതമായ അഭയശിലയാണ് (ഏശയ്യ:26:4). ദൈവത്തിൽ പ്രത്യാശവയ്ക്കുന്നവർ സുരക്ഷിതരായിരിക്കും. എന്തെന്നാൽ അവരുടെ അടിസ്ഥാനങ്ങൾ ഇളകാത്ത പാറമേൽ സ്ഥാപിതമായിരിക്കും. ഡിസംബർ 5-ാം തിയതി വ്യാഴാഴ്ച ഫ്രാൻസിസ് മാർപ്പാപ്പ സാമൂഹ്യ ശൃംഖലയിൽ കണ്ണിചേർത്ത സന്ദേശം.

**അന്തരാഷ്ട്ര ദിവ്യകാരുണ്യ കോൺഗ്രസ്സ് -ബുദ്ധാപെസ്റ്റിൽ**

സഭയുടെ ജീവിതത്തിന്റെ കേന്ദ്രം ദിവ്യകാരുണ്യമാണെന്ന് ദിവ്യകാരുണ്യ കോൺഗ്രസ്സുകൾ നമ്മെ ഓർമ്മപ്പെടുത്തുന്നു എന്ന് ഫ്രാൻസിസ്













SMYM
HOLY TRINITY CATHEDRAL
First








SMYM
HOLY TRINITY CATHEDRAL
December Delights














Halleluia










**The Memories**
**Light up our Heart**



*7th Death Anniversary*
29-01-2019

# P.M. Sebastian

## Pulikottil House

Born : 23-8-1949

Called to rest : 29-1-2013

With heart full of Prayers
Mrs. Baby Sebastian

Mr. P.S. Felix & Family

Mr. P. S. Alex & Family

" I have fought the good fight, I have finished the race, I have kept the faith."
( 2 Timothy 4:7)

*In Loving Memory of Our Dear Appachan*

# 1st DEATH ANNIVERSARY
# 22.01.2020



# P.L. KURIAPPAN
## Peramangalath House

**BORN : 18.12.1938 DIED : 22.01.2019**

Sorrowing family members
Saly Kuriappan

P.K. Henson Julie Henson
P.K. Hinson Smitha Hinson

Antony Antrin, Ann Maria, Eza Maria
and other family members
9442629152, 98430 79152



# 1st Death Anniversary

**12.01.2020**



## C J JOSE

**CHUNGATH HOUSE**

**BORN: 02.11.1950 DIED: 12.01.2019**

---

# 46th Rememberance Day

**11.01.2020**



## FLAUBERT C JOSE

**CHUNGATH HOUSE**

**BORN: 12.11.1985 DIED: 27.11.2019**

Wedding Anniversary 25TH

C.J Varghese & Josephine Varghese

28.12.2019





# 1st Anniversary

Give Thanks to Lord
For He is God.
His Love Endures For.

Gratitude From

Loving Family Members
&
Parishioners

# 25th Wedding Anniversary
22.01.2020



**Mr. C.P.-Babu & Mrs. Josephiny-Baby**

*Cheern house, Chekkan Thottam, St. Joseph Unit*
*Heartiy wishes from : Jomom*
*9788781295*

# 35th Wedding Anniversary
**27.01.2020**



**K.X.Devasy**
**Mary Devasy**

*Best wishes from....*

*Jeevan & Selin*
*Nancy, Shaju, Steven & Steffin*

# *8th Death Anniversary*
**25.01.2019**





# LAZER M.K

**Born : 18.02.1945** **Died: 25.01.2012**

"ഞാനാണ് പുനരുത്ഥാനവും
ജീവനും എന്നിൽ വിശ്വസിക്കുന്നവൻ
മരിച്ചാലും ജീവിക്കും. (യോഹ.11:25)

# 41–ാം ചരമദിനം





## SUSAMMA FRANCIS

**W/o Mr. P.J Francis**

**Pattathuparambil House**

**Born: 16.12.1962** **Death: 17.12.2019**


*Sorrowing Family Members*

**Son : Prince Antony**
**D/L : Joshni Prince**
**Daughter: Princy Binesh**
**S/L : John Binesh**
**Grand Children**





Birth
08.12.1946



Death
10.12.2019

## Mrs. MARY VARGHESE

W/o, Mr K. M Varghese,

**Kannanaickal House**

**St Joseph unit Rathinapuri**

*Dear Mom no one can take your place mom you were a wonderful wife to our Daddy a caring mother to us and the greatest grandma of all the time to our children we all love you and miss you so much*

BHAARATH ™

Lion D. JOHNSON., ITES (DIP)
Cell : 98430 - 18011
Shop : 95853 - 33778

# BHAARATH ELECTRICAL INDUSTRY

78, New Scheme Road, P.N. Palayam,
Coimbatore - 641 037



*Since 2003*

**N S FRANCO**
(Insurance Advisor)
9843246346

## Our Services

### Life Insurance Corporation of India
(Savings & Investment)

### United India Insurance Company LTD
(Two Wheeler & Four Wheeler Insurance with in 5 mintues)

### Star Health and Allied Insurance Co. Ltd
(Health Insurance & Accident Insurance)

## Our Extra Services

**Passport, Voter ID, Pan Card, Aadhar, Aadhar corrections, Legal hair Certificate, Udhyog Aadhar, FSSAI Certificate, Nativity Certificate, etc...**

67, Sasthri Street, South North Cross, Rathinapuri, Coimbatore - 641027



മാർപാപ്പ. ഹംഗറിയുടെ തലസ്ഥാനമായ ബുഡാപെസ്റ്റ് 2020 സെപ്റ്റംബർ 13 മുതൽ 20 വരെ 52-ാം അന്താരാഷ്ട്ര ദിവ്യകാരുണ്യ കോൺഗ്രസ്സിന് ആതിഥ്യമരുളുമെന്നും എന്റെ എല്ലാ ഉറവകളും നിന്നിലാണ് എന്ന 87-ാം സങ്കീർത്തനത്തിലെ 7-ാമത്തെ വാക്യമാണ് ഈ അന്താരാഷ്ട്ര ദിവ്യകാരുണ്യ കോൺഗ്രസ്സിന്റെ ആദർശ പ്രമേയമായി സ്വീകരിച്ചിരിക്കുന്നതെന്നും പാപ്പ വെളിപ്പെടുത്തി. ബുഡാപെസ്റ്റിൽ നടക്കാൻ പോകുന്ന ദിവ്യകാരുണ്യ കോൺഗ്രസ്സ് ക്രിസ്തീയ സമൂഹങ്ങളുടെ നവീകരണ പ്രക്രിയയ്ക്ക് പ്രചോദനമാകട്ടെ എന്ന് പാപ്പ ആശംസിക്കുകയും ചെയ്തു.

**കുട്ടികൾ ചെറിയ പാലങ്ങൾ പണിയുന്നവരാകണം**

ഇറ്റാലിയൻ കത്തോലിക്കാ പ്രവർത്തനം എന്ന സംഘടനയിലെ കുട്ടികളുമായി പാപ്പ കൂടിക്കാഴ്ച നടത്തിയ അവസരത്തിൽ നൽകിയ സന്ദേശത്തിലാണ് കുട്ടികൾ ചെറിയപാലങ്ങൾ പണിയുന്നവരാകണം എന്ന് ഉദ്ബോധിപ്പിച്ചത്.

യേശു തന്റെ പിറവിയിലൂടെ ദൈവവും മനുഷ്യരും തമ്മിലുള്ള ഒരു പാലമായിത്തീരുകയും സ്വർഗ്ഗത്തെയും ഭൂമിയെയും അനുരഞ്ജിപ്പിക്കുകയും മനുഷ്യകുലം മുഴുവനെയും ഐക്യത്തിലാക്കുകയും ചെയ്തതുപോലെ ഇന്ന് അവർ വസിക്കുന്നയിടങ്ങളിൽ ചെറിയ 'പാലങ്ങൾ' ആയിത്തീരാൻ അവിടുന്ന് കുട്ടികളോട് ആവശ്യപ്പെടുന്നു എന്ന് ഉദ്ബോധിപ്പിച്ചു. പാലങ്ങൾ പണിയേണ്ടതിന്റെ ആവശ്യകത എല്ലായ്പ്പോഴും ഉണ്ടെന്ന് നിങ്ങൾ ഇതിനകം മനസ്സിലാക്കിയിട്ടുണ്ടല്ലേ എന്ന ചോദ്യമുയർത്തികൊണ്ട് ചിലപ്പോൾ അത് സുലഭമല്ലായെന്നും എന്നാൽ നാം യേശുവിനോട് ഐക്യപ്പെട്ടാൽ നമുക്ക് അത് ചെയ്യാൻ കഴിയുമെന്നും ഓർമ്മിപ്പിച്ചു.



# "பொங்கல் " நன்றியின் விழா

தை பிறந்தால் வழி பிறக்கும் என்ற கருத்துக்கு இணையாக தை மாதத்தின் முதல் நாளாக பொங்கல் திருநாள் கொண்டாடப்படுகிறது. பொங்கல் என்பது தமிழர்களால் சிறப்பாகக் கொண்டாடப்படும் ஒரு தனிப்பெரும் விழா. பொங்கல், உழைக்கும் மக்கள் இயற்கைக்கும், மற்ற உயிர்களுக்கும் சொல்லும் ஒரு நன்றியறிதலாகக் கொண்டாடப்படுகிறது..

விவிலியத்தில் நூற்றுக்கும் மேற்பட்ட இடங்களில் வரும் ஒரு சொல் அறுவடை. தொடக்கநூல் 8:22 இல் இறைவன் இவ்வாறு கூறுகின்றார், "மண்ணுலகு இருக்கும் நாளளவும் விதைக்கும் காலமும் அறுவடைக் காலமும் குளிரும் வெப்பமும், கோடைக்காலமும் குளிர்க்காலமும் பகலும் இரவும் என்றும் ஓய்வதில்லை" அறுவடை தொடர்ந்து நடப்பதால், அதற்கு விழா எடுக்க ஆண்டவர் கூறியுள்ளார்..

விடுதலைப் பயண நூல் 23:16இல் இறைவன் இவ்வாறு கூறுகின்றார், "வயலில் நீ விதைத்து, உன் உழைப்பின் முதற்பலன் கிட்டும்போது, "அறுவடை விழா"வும், ஆண்டுத் தொடக்கத்தில் வயலிலிருந்து உனது உழைப்பின் பயனை ஒன்று சேர்க்கையில், "சேகரிப்பு விழா"வும் எடுக்க வேண்டும்" ஆண்டு தொடக்கத்தையும், அறுவடையையும் விழாவாகக் கொண்டாட ஆண்டவரே பழைய ஏற்பாட்டிலேயே கூறியுள்ளார்..

விவிலியத்தில் அப்பம் பெருகச் செய்த பகுதியில் இயேசு உணவிற்காக நன்றி கூறுகின்றார். யோவான். 6;11 இல், இயேசு அப்பங்களை எடுத்துக் கடவுளுக்கு நன்றி செலுத்தி, அமர்ந்திருந்தோருக்குக் கொடுத்தார். என்று சொல்லப்பட்டுள்ளது. அதேபோல் கடைசி இரவு உணவின்போதும், அப்பத்தை எடுத்து நன்றி செலுத்தி, தன் சீடருக்கு அளித்தார் என்றும் அதேபோல் கிண்ணத்தை எடுத்து நன்றி செலுத்தி பிறகு தன் சீடர்களுக்குக் கொடுத்தார் என்றும் வாசிக்கின்றோம். உணவிற்காக நாம் இறைவனுக்கு நன்றி சொல்ல வேண்டும் என்பதை இயேசு இதன் வழியாக நமக்குக் கற்றுக் கொடுக்கின்றார்.

1தெசெலோனிக்கையர்; 5:18என்ன நேர்ந்தாலும் நன்றி கூறுங்கள்.:

உழவர் ஒருவரிடம் நிறைய குதிரைகள் இருந்தன. மக்கள் அவரிடம் வந்து அவரைப் பாராட்டுவது உண்டு. அப்போது அவர் சொல்வது. "இறைவனுக்கு நன்றி" ஒருநாள் ஒரு குதிரை காணவில்லை. மக்கள் அவரிடம் வந்து வருத்தம் தெரிவித்தனர். அவர் சொன்னது, "இறைவனுக்கு நன்றி" பல நாட்களுக்குப் பின் மீண்டும் ஒருநாள் காணாமல் போன குதிரை வேறு பல குதிரைகளைக் கூட்டி வந்தது. அப்போது மக்கள் அவரிடம் வந்து, அவரது அதிஷ்டத்தைப் பாராட்டினர். அப்போதும் அவர் சொன்னது, "இறைவனுக்கு நன்றி" அந்த குதிரைகளில் ஒரு குதிரையின்மீது அவர் மகன் ஏறி சவாரி செய்தான். அப்போது அவன் கீழே விழுந்து கால் ஒடிந்து விட்டது. மக்கள் வந்து வருத்தம் தெரிவித்தனர். அப்போதும் அவர் சொன்னது, "இறைவனுக்கு நன்றி" ஒரு நாள் அரசன் தன் படைக்கு ஆட்களைத் தேடிவந்து, வீட்டிலிருந்த எல்லா இளைஞர்களையும் வலுக்கட்டாயமாக அழைத்துச் சென்று விட்டான். இவரின் மகன் ஊனமுற்றிருந்ததால், அவனை விட்டுச் சென்றுவிட்டான். அப்போது மக்கள் வந்து இவரைப் பாராட்டினர். அப்போதும் அவர் சொன்னது, "இறைவனுக்கு நன்றி"

பொங்கல் விழா நன்றியின் விழா. அனைத்தையும் தரும் இறைவனுக்கு முதலில் நன்றி கூறுவோம். உணவினைத் தரும் உழவருக்கு நன்றி கூறுவோம்.

அனைவருக்கும் இதயம் நிறைந்த பொங்கல் நல்வாழ்த்துகள். !!!



# Thirunal 2020

Vicar Rev Fr. Thomas Kavungal

Asst. Vicar Rev. Fr. George Madathikkandathil

List of Convenor and Committee Members

<u>CONVENORS</u>

Paulson CF, St. Sebastian Unit

Biju Benny, St. Thomas Unit

Digil Georg, St. Joseph Unit

<u>FINANCE</u>

Thirunal Convenors

Kaikars : Romiyo Aloshious, Benny Thomas, Thomas Prabhu

Committee : John Thomas, Little Flower Unit

Antony VM, St. George Unit

Johny KL, St. John Maria Vianeey Unit

Sijo Jose, St. Antony's Unit

James MA PRO, St. Thomas Unit

<u>FOOD</u>

CONVENOR : Jerald TS, St. Joseph Unit

COMMITTEE : Shaju AG, St. Alphonsa Unit

Danny George, St. Joseph Unit

Paul Mathew, St. John Maria Vianney Unit

Johnson OJ, St. Francis Xavier Unit

Varghese Jose, Little Flower Unit

And SMYM



FIREWORKS

CONVENOR : Antony Leslie, St. Mary's Unit

COMMITTEE : Antony CG, St. Joseph Unit

Hinson PK, St. Peter Unit

Prince CC, St. Paul Unit

Shajan MJ, St. Antony Unit

Babu PD, St. Sebastian Unit

Biju Paul, St. Peter Unit

Antony ML, St. Antony Unit

NERCHA

CONVENOR : Antony NR, St. George Unit

COMMITTEE : Jacob KL, St. Sebastian Unit

Antony EJ, St. Alphonsa Unit

Selvan CD, St. Vincent De Paul Unit

Saji Issac, St. Sebastian Unit

Vincent Vellanikkaran, St. Paul Unit

CHURCH DECORATIONS INSIDE

Mary Rani Sisters and Mathruvedhi

CHURCH DECORATIONS OUTSIDE

SMYM

VOLUNTEERS CONVENOR : George KJ, St Peter Unit



# സഭാ വാർത്തകൾ

1. കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ (KCBC) പ്രസിഡൻറായി സീറോ മലബാർ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയെ തെരഞ്ഞെടുത്തു. പാലാരിവട്ടം പി. ഒ.സിയിൽ നടന്ന കെ.സി.ബി.സി യോഗത്തിലാണ് തീരുമാനം. കോഴിക്കോട് രൂപതാധ്യക്ഷൻ ബിഷപ്പ് മാർ വർഗീസ് ചക്കാലക്കലാണ് വൈസ് പ്രസിഡൻറ്. ബത്തേരി മലങ്കര രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് തോമസിനെ ജനറൽ സെക്രട്ടറിയായും തെരെഞ്ഞെടുത്തു.

2. ആഗോള കത്തോലിക്ക സഭയുടെ തലവനായ ഫ്രാൻസിസ് മാർപാപ്പായുടെ എൺപ്പത്തിമൂന്നാം പിറന്നാൾ ആഘോഷങ്ങൾ ഡിസംബർ 17ന് നടന്നു. ലോകത്തിലെ ഏറ്റവും കൂടുതൽ സ്വാധീനമുള്ള നേതാവു കൂടിയായ ഫ്രാൻസിസ് മാർപാപ്പയുടെ യഥാർത്ഥ നാമം ജോർജ് മരിയോ ബെർഗോളിയോ എന്നാണ്. 1936 ഡിസംബർ മാസം 17-ാം തീയതി അർജന്റീനയുടെ തലസ്ഥാനമായ ബ്യൂണസ് ഐറിസിലാണ് ജോർജ് മരിയോ ബെർഗോളിയോ ജനിച്ചത്.

3. ആഗോള കത്തോലിക്ക സഭയുടെ പരമാധ്യക്ഷനായ ഫ്രാൻസിസ് പാപ്പയുടെ പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ ജൂബിലി ഡിസംബർ 13 ന് ആഘോഷിച്ചു. രസതന്ത്രത്തിൽ ബിരുദം കരസ്ഥമാക്കിയ ജോർജ് മരിയോ ബെർഗോളിയോ (ഫ്രാൻസിസ് പാപ്പ) 1969 ഡിസംബർ 13-ാം തീയതി ആർച്ച്ബിഷപ്പ് റമോൻ ജോസ് കാസ്റ്റിലാനോയുടെ കരങ്ങളിൽ നിന്നുമാണ് തിരുപട്ടം സ്വീകരിച്ചത്.

4. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ആർച്ച് ബിഷപ്പ് ഡോ. എം. സൂസൈപാക്യം പൗരോഹിത്യത്തിന്റെ സുവർണ ജൂബിലി വളരെ ലളിതമായി ആഘോഷിച്ചു. പാളയം സെന്റ് ജോസഫ്സ് കത്തീഡ്രൽ പള്ളിയിൽ ദിവ്യബലി അർപ്പിക്കുന്നത് മാത്രമാണ് സുവർണ ജൂബിലി ആഘോഷം. തമിഴ്നാട്ടിലെ തീരദേശ ഗ്രാമമായ മാർത്താണ്ഡം തുറയിൽ മത്സ്യത്തൊഴിലാളിയായ മരിയ കലിസ്റ്റസിന്റെയും വീട്ടമ്മയായ ത്രേസ്യാമ്മയുടെയും മകനായി പിറന്ന അദ്ദേഹം 1969 ഡിസംബർ 20 ന് ബിഷപ്പ് ഡോ. പീറ്റർ ബർണാർഡ് പെരേരയിൽ നിന്നാണ് പൗരോഹിത്യം സ്വീകരിച്ചത്.

5. ജെസ്യൂട്ട് വൈദികനും കൊൽക്കത്ത സെൻറ് സേവ്യേഴ്സ് യൂണിവേഴ്സിറ്റി വൈസ് ചാൻസലറുമായ ഫാ. ഫെലിക്സ് രാജിന്



ഓസ്ട്രേലിയൻ ഹാൾ ഓഫ് ഫെയിം അവാർഡ്. വിദ്യാഭ്യാസ മാനേജ്മെന്റ് മേഖലകളിൽ അദ്ദേഹം നൽകിയ സേവനങ്ങൾ പരിഗണിച്ചാണ് പുരസ്കാരം. ഓസ്ട്രേലിയൻ ഹാൾ ഓഫ് ഫെയിം പുരസ്കാരം നേടുന്ന പ്രഥമ ഭാരതീയനാണ് ഫാ. ഫെലിക്സ് രാജ്.

6. പ്രമുഖനായ ആംഗ്ലിക്കൻ മെത്രാനും എലിസബത്ത് രാജ്ഞിയുടെ മുൻ ചാപ്ലെനുമായിരുന്ന ഗാവിൻ ആഷെൻഡെൻ കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു. ആഗമനകാലത്തെ നാലാമത്തെ ഞായറായ ഡിസംബർ 22ന് ഇംഗ്ലണ്ടിലെ ഷ്രൂസ്ബറി കത്തീഡ്രലിൽ വെച്ച് ഷ്രൂസ്ബറി രൂപതാധ്യക്ഷൻ ബിഷപ്പ് മാർക്ക് ഡേവിസിൽ നിന്നും കൂദാശകൾ സ്വീകരിച്ചുകൊണ്ടാണ് അദ്ദേഹം കത്തോലിക്ക വിശ്വാസത്തെ പുൽകിയത്.

7. പ്രമുഖ സുവിശേഷ പ്രഘോഷകനും ടി.വി പ്രഭാഷകനും അസംബ്ലീസ് ഓഫ് ഗോഡ് പ്രൊട്ടസ്റ്റന്റ് പാസ്റ്ററുമായ സജിത്ത് ജോസഫും 'ഗ്രേസ് കമ്മ്യൂണിറ്റി' എന്ന പേരിലുള്ള പെന്തക്കൊസ്തു മുന്നേറ്റത്തിന് കീഴിലുള്ള ആയിരകണക്കിന് വിശ്വാസികളും കത്തോലിക്ക സഭയിലേക്ക്. ബ്രദർ സജിത്ത് നയിക്കുന്ന 'ഗ്രേസ് കമ്മ്യൂണിറ്റി' പെന്തക്കോസ്റ്റൽ മുന്നേറ്റത്തിന് ഇന്ന് എല്ലാ ഭൂഖണ്ഡങ്ങളിലും ശാഖകളും ഉപശാഖകളുമുണ്ട്. ഇതിലെ എല്ലാ വിശ്വാസികളും ഈ ക്രിസ്തുമസ് ആഘോഷിച്ചത് മാതൃസഭയോടു ചേർന്നായിരുന്നു.

9. തമിഴ്നാട്ടിലെ ക്രൈസ്തവ സമൂഹത്തിന് അഭിമാനമായി കപ്പൂച്ചിൻ സന്യാസ വൈദികനെ ദൈവദാസൻ പദവിയിലേക്കുയർത്തി. ഡിസംബർ മൂന്നിനാണ് ഫാ. ജോൺ പീറ്റർ സവാരിനായഗം എന്ന വൈദികനെ ദൈവദാസ പദവിയിലേക്കുയർത്തിയത്.

10. അമലോത്ഭവ മാതാവിന്റെ അസീസി സന്യാസിനി സമൂഹത്തിന്റെയും (എഎസ്എംഐ) ഗ്രീൻ ഗാർഡൻ സ്ഥാപനങ്ങളുടെയും സ്ഥാപകനും എറണാകുളം- അങ്കമാലി അതിരൂപത വൈദികനുമായിരുന്ന മോൺ. ജോസഫ് കണ്ടത്തിൽ ദൈവദാസ പദവിയിലേക്ക്. കുഷ്ഠരോഗികൾക്കായി ജീവിതം സമർപ്പിച്ചതിലൂടെ 'കേരള ഡാമിയൻ' എന്നറിയപ്പെടുന്ന മോൺ. കണ്ടത്തിലിന്റെ നാമകരണ നടപടികൾക്കു സീറോ മലബാർ മെത്രാൻ സിനഡിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ റോമിലെ തിരുസംഘം അനുമതി നൽകി.



# ബേത് സഥാ അനുഭവം

*(യോഹ:5.1:14)*

ബേത്സഥാ കുളക്കടവിലെ സൗഖ്യത്തെക്കുറിച്ച് നമ്മൾ ധാരാളം കേട്ടിട്ടുണ്ട്. യേശു അനേകം പേരെ സുഖപ്പെടുത്തിയ സംഭവങ്ങൾ നമ്മൾ ബൈബിളിൽ കാണുന്നുണ്ട്. എല്ലാ സൗഖ്യത്തിന്റെയും പിറകിൽ രോഗിയുടെ പ്രാർത്ഥന, നിലവിളി, വിശ്വാസം, അല്ലെങ്കിൽ മറ്റുള്ളവരുടെ പ്രാർത്ഥന, ഇതിലേതെങ്കിലും ഒന്ന് കാരണമായിട്ടുണ്ട്. എന്നാൽ ഇവിടെസ ംഭവിച്ചത്ഇ തിൽന ിന്നെല്ലാംവ ്യത്യസ്ഥമാണ്.വ ചനം ഇങ്ങനെപറയുന്നു.

38 വർഷം രോഗിയായിരുന്ന ഒരുവൻ അവിടെ കിടക്കുന്നത് യേശു കണ്ടു. വളരെ നാളായി കിടപ്പിലാണെന്ന് അറിഞ്ഞ് യേശു അവനോടു ചോദിച്ചു. സുഖം പ്രാപിക്കാൻ നിനക്ക് ആഗ്രഹമുണ്ടോ? ഇവിടെ മനസ്സിലാക്കേണ്ട ഒരു കാര്യം; ഈ രോഗി സൗഖ്യത്തിനായ് പ്രാർത്ഥിക്കുന്നത് കാണുന്നില്ല, അവന്റെ സ്വന്തക്കാരോ, സ്നേഹിതരോ, അവനുവേണ്ടി മാദ്ധ്യസ്ഥം യാചിക്കുന്നതും ഇവിടെ കാണുന്നില്ല. ഒരു പക്ഷേ യേശു സൗഖ്യദായകനാണെന്ന് ഈ രോഗി മനസ്സിലാക്കിയിട്ടുണ്ടോ എന്നു പോലും സംശയമാണ്. എന്നിട്ടും യേശു അവന്റെ അടുത്തുചെന്ന് അവനോട് ചോദിക്കുന്നു. നിനക്ക് സുഖം പ്രാപിക്കാൻ ആഗ്രഹമുണ്ടോ? ഇതാണ് കർത്താവിന്റെ സ്വഭാവം.

ഞാനും നിങ്ങളുമൊക്കെ ഇതുപോലെ യേശുവിനെതിരിച്ചറിയാത്തവരോ, എന്റെ പ്രതിസന്ധിയിൽ എന്നെ സഹായിക്കുമെന്ന് വിശ്വസിക്കാത്തവരോ ആകാം. എങ്കിൽ പോലും നിന്റെ മുന്നിൽ ഒരു സാദ്ധ്യതയുണ്ട്, നിന്റെ ദൈവം നിന്നെ തേടിവരും. നീ ഒറ്റപ്പെട്ടവനാണെങ്കിലും,സ്വന്തക്കാരോ, സ്നേഹിതരോ..ബന്ധുക്കളോ നിന്നെ ഉപേക്ഷിച്ചാലും നിന്റെ ദൈവം നിന്നെ ഉപേക്ഷിക്കുകയില്ല. അവൻ നിന്നെ തേടിവരും, എശയ്യായിലൂടെ അവിടുന്ന് അരുളിചെയ്യുന്നു. ഞാൻ ഒരു നാളും നിന്നെ ഉപേക്ഷിക്കുകയോ, മറക്കുകയോ ഇല്ല.

ഇവിടെ ഈ രോഗി തമ്പുരാനോടു പറഞ്ഞു എന്റെ കർത്താവെ എന്നെ സഹായിക്കാൻ ആരുമില്ല, ആരെങ്കിലും എന്നെ ഒന്നു സഹായിച്ചിരുന്നെങ്കിൽ (എന്റെ ഭാര്യയോ, സുഹൃത്തുക്കളോ, മക്കളോ, സഹോദരന്മാരോ)



ഞാൻ ഈ അവസ്ഥയിൽ നിന്ന് രക്ഷപ്പെടുമായിരുന്നു. ഇന്നും അനേക രുടെ നിലവിളിയും സങ്കടവുമാണിത്. നല്ല കാലത്ത് കൂടെ നടക്കാനും, സ്നേഹിക്കാനും തണലേകാനും, ആളുകൾ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് എന്നെ ആർക്കും വേണ്ട. എന്നെ ഒരു  പാഴ്വസ്തുപോലെ കുളക്ക ടവിൽ തള്ളിയിരിക്കുന്നു.

സഹോദരാ, സഹോദരി നീ ഈ അവസ്ഥയിൽ ആണോ? എങ്കിൽ നിരാ ശപ്പെടേണ്ട, നിന്നെ തേടി നിന്റെ ദൈവം നിന്റെ അടുത്തു വരും. നഷ്ട പ്പെട്ടുപോയ നിന്റെ ആരോഗ്യം, പാപപങ്കിലമായ നിന്റെ ജീവിതം, നഷ്ട പ്പെട്ടുപോയ നിന്റെ ബന്ധങ്ങൾ, പുനസ്ഥാപിക്കാൻ അവൻ കടന്നു വരും. അവിടുന്ന് പറഞ്ഞല്ലോ, നീ എനിക്ക് വിലപ്പെട്ടവനും, പ്രിയങ്കര നും, ബഹുമാന്യനുമാണെന്ന്. (ഏശ 43:4)

അവിടുന്ന് എന്നെയും നിന്നെയും മനസ്സിൽ കണ്ടിട്ടല്ലേ- തന്റെ ദൈവിക തപോലും മാറ്റിവെച്ചിട്ട് മനുഷ്യനായത് (ഫിലി. 2:6-7 യോഹ.3,16)

അതുകൊണ്ട് നീ എത്ര തകർന്നവനാണെങ്കിലും, എത്ര ഒറ്റപ്പെട്ടവനാ ണെങ്കിലും നിന്റെ ജീവിതം പടുകുഴിയിലേക്ക് പോയെങ്കിലും പ്രാർത്ഥി ക്കാൻ കഴിയാത്ത വണ്ണം പ്രത്യാശ നഷ്ടപ്പെട്ടവനാണെങ്കിലും പ്രതീ ക്ഷിക്കാൻ ഒന്നുമില്ലാതെ നിരാശയുടെ അടിത്തട്ടിലാണെങ്കിലും അവി ടുന്ന് നിന്നെ തേടിവരും.

കർത്താവ് പറഞ്ഞല്ലോ. താൻ വന്നത് പാപിയെത്തേടിയാണ്. അന്ധന് കാഴ്ച കൊടുക്കാനും, രോഗിയെ സുഖപ്പെടുത്താനും അടിച്ചമർത്തപ്പെ ട്ടവന് സ്വാതന്ത്ര്യം കൊടുക്കാനും (ലൂക്ക 4:18)

ഈ വചനങ്ങളുടെ പൂർത്തീകരണംപോലെ അവിടുന്ന് തളർവാതരോ ഗിയോടു പറഞ്ഞു നീ നിന്റെ കിടക്കയും എടുത്തു നടക്കുക എന്ന്. ഉടനെ അങ്ങനെ സംഭവിച്ചതായി സുവിശേഷം  സാക്ഷ്യപ്പെടുത്തുന്നു.

സഹോദരാ, സഹോദരി നമ്മുടെ  ജീവിതത്തിലും ഈ കർത്താവ് ഇട പെടും പ്രത്യാശയോടെ അവന്റെ വരവിനുവേണ്ടി നമുക്ക് കാത്തിരി ക്കാം. അവനെഅന്വോഷിക്കാം. നിനക്ക് സാധിക്കുമെങ്കിൽ ഇതാ ഞാൻ എന്ന് പറഞ്ഞ് അവിടുന്നു വരും. അവിടുന്ന് വന്ന് കഴിഞ്ഞാൽ എല്ലാം നവീകരിക്കപ്പെടും. എല്ലാ തകർച്ചകളും വിട്ടുമാറും, രോഗപീഡകൾ



മാറ്റി നിന്റെ ഐശ്വര്യം പുനസ്ഥാപിക്കും. (ജെറമിയ 23-14)

ഈ സംഭവത്തിൽ കാണുന്ന മറ്റൊരു കാര്യമാണ് അവന്റെ സൗഖ്യാനുഭവം. ദൈവത്തിലേക്ക് അവനെഎത്തിച്ചു എന്നുള്ളത് ഒരുപക്ഷേ ആൾക്കൂട്ടത്തിൽ യേശുവിനെതിരിച്ചറിയാൻ അവനു കഴിഞ്ഞില്ലായിരിക്കാം. എന്നാൽ ദേവാലയത്തിൽ യേശുവിനെഅവൻ തിരിച്ചറിഞ്ഞു.

സഹോദരങ്ങളെ ഒരു പക്ഷെ നമ്മുടെ ജീവിതത്തിലെ തിരക്കായിരിക്കാം, ആൾകൂട്ടമായിരിക്കാം, വ്യഗ്രതയായിരിക്കാം, യേശുവിനെകണ്ടെത്താൻ തടസ്സമാകുന്നത്. അതുകൊണ്ട് യേശുവിനെതിരിച്ചറിയാൻ നമുക്ക് അല്പസമയം ദേവാലയത്തിലായിരിക്കാം. (ദൈവസന്നിധിയിലായിരിക്കാം.) അവൻ തീർച്ചയായും നിന്റെ ജീവിതത്തിൽ ഇടപെടും.

തുടർന്നു നമ്മൾ കാണുന്നു. യേശു വാത്സല്യപൂർവ്വം അവന്റെ തോളിൽ കയ്യിട്ട് അവന്റെ കാതിൽ മന്ത്രിച്ചുവെന്ന് മോനെ, നിന്റെ തകർച്ചയുടെ കാരണം, നിന്റെ പാപങ്ങളാണ്. ധൂർത്തപുത്രൻ പട്ടിണി കിടക്കേണ്ടിവന്നത്, പിതാവിന്റെ ഭവനത്തിൽ നിന്ന് അകന്നു പോയതുകൊണ്ടാണല്ലോ. ലൂക്ക, 15:18 എന്നിട്ട് യേശു അവനോടു പറഞ്ഞു കൂടുതൽ മോശമായത് നിനക്ക് സംഭവിക്കാതിരിക്കാൻ മേലിൽ നീ പാപം ചെയ്യരുത്.

നമ്മളോടും തമ്പുരാൻ ഇതു തന്നെയാണ് പറയുന്നത്. ഒരു പക്ഷെ നിന്റെ തകർച്ചയുടെ കാരണം നിന്റെ പാപങ്ങളായിരിക്കാം.തമ്പുരാനിൽ നിന്ന് അകന്നു പോയതായിരിക്കാം. ജീവജലം നല്കാൻ കഴിവില്ലാത്ത പൊട്ടക്കിണർ തേടി പോയതായിരിക്കാം. (ജറമിയ 2:13) എന്നാലും സഹോദരരെ ദൈവം നിന്നെ ഒരിക്കലും ഉപേക്ഷിക്കില്ല. തിരിച്ച് വരാൻ നിനക്ക് ഇനിയും സാദ്ധ്യതയുണ്ട്. അവസരമുണ്ട്. നിനക്കുവേണ്ടി അവിടുന്നു കാത്തിരിക്കുന്നു.!

E. R. George



# ഓർമ്മിക്കേണ്ട ദിവസങ്ങൾ

**2020 ജനുവരി**

01. വർഷാരംഭം– നമ്മുടെ കർത്താവിന്റെ നാമകരണം (ഛേദനാചാരം)

03. ദൈവമാതൃത്വ തിരുനാൾ, ആദ്യ വെള്ളി, വി. കുരിയാക്കോസ് ഏലിയാസ് ചാവറ

06. നമ്മുടെ കർത്താവിന്റെ പ്രത്യക്ഷവത്ക്കരണ തിരുനാൾ (ദനഹാതിരുനാൾ– കടമുള്ള ദിവസം)
സീറോ മലബാർ പ്രേഷിതവാരം

10. വി. സ്നാപകയോഹന്നാൻ.

17. വി. പത്രോസ്, പൗലോസ് ശ്ലീഹന്മാർ

18. സഭൈക്യവാരം ആരംഭിക്കുന്നു

20. വി. സെബസ്ത്യാനോസ്

24. വി. സുവിശേഷകന്മാർ വി. ഫ്രാൻസിസ് ഡി സാലസ്

25. സഭൈക്യവാരം അവസാനിക്കുന്നു. വി. പൗലോസിന്റെ മാനസാന്തരം
വി. തിമോത്തേയൂസും തീത്തൂസും

26. ഇന്ത്യൻ റിപ്പബ്ലിക് ദിനം

28. വി. തോമസ് അക്വിനാസ്

30. ലോക സമാധാനദിനം

31. വി.എസ്തപ്പാനോസ് (വി.സ്റ്റീഫൻ)
വി.ജോൺ ബോസ്കോ.

**ലൂർദ്ദ് വോയ്സിൽ പ്രസിദ്ധീകരിക്കേണ്ട ന്യൂസുകളും ആർട്ടിക്കിളുകളും ഓരോ മാസവും പതിനഞ്ചാം തീയ്യതിക്ക് മുൻപായി കൊച്ചച്ചനെ ഏൽപ്പിക്കേണ്ടതാണ്. പരസ്യങ്ങൾ ഫോട്ടോയും പൈസയും സഹിതം നല്കേണ്ടതാണ്. കളർ ഫുൾ പേജ് – 2400, ഹാഫ് പേജ് – 1200, B/w ഫുൾ പേജ് – 1500. പരസ്യങ്ങൾ കൊടുക്കുന്നവർ കൂടെ ഒരു Whatsapp നമ്പറും കൊടുക്കേണ്ടതാണ്.**



# KIDS CORNER

## Sermon on the mount –Word search

Find the words given below in the word search grid and circle them.
Words may appear in any directions

| | | | |
|---|---|---|---|
| Beatitudes | Blessed | Merciful | Peacemakers |
| Comforted | Reward | Heaven | Inherit |
| Rejoice | Teacher | Kingdom | Prophets |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| D | B | I | Q | P | B | D | E | T | R | O | F | M | O | C |
| I | R | L | W | E | R | E | J | O | I | C | E | W | I | L |
| N | A | D | E | R | H | E | A | V | E | N | F | F | N | U |
| S | S | E | N | S | U | O | E | T | H | G | I | R | H | F |
| U | D | H | W | E | S | M | R | Q | I | L | S | Q | E | I |
| L | R | E | H | C | A | E | T | O | L | T | Z | V | R | C |
| T | A | V | I | U | S | U | D | E | Y | O | U | Y | I | R |
| P | W | Z | X | T | M | O | D | G | N | I | K | D | T | E |
| P | E | A | C | E | M | A | K | E | R | S | L | R | E | M |
| J | R | N | O | D | P | R | O | P | H | E | T | S | M | S |

(Only catechism students are eligible to participate in the contest. Fill the answers and submit it before 15th of the month, in the box kept in the church. Ten correct entries will be selected by lot and published in the next issue.)

Name: ____________________________ Class: __________

Winners of December month contest

Aloysius Antony C F Std 3rd, Riya Alosious Std 7th,

C. Anson Antony Std 4th A, Lia L Std 2nd, Cyril C P Std 6th



# Marian Knowledge

1. “I see Mary everywhere and difficulties nowhere.” Whose words are they?

   St Maximillian Kolbe

2. “The loveliest masterpiece of the heart of God is the love of a mother.” Whose words are they?

   St Therese of Lisieux

3. When is the Solemnity of Mary, Mother of God celebrated?

   January 1st

4. Which flower was used as a sign of mother Mary's presence in most of herapparitions?

   Rose

5. Which chapter of Psalms did St Antony of Padua reflected on the Assumption of Mary and argued that, ‘just as Jesus had risen up to Heaven, so did Mary’?

   Psalm 132

6. Who is the founder of CLC Christian life communities an international association of lay
   Christians?

   Fr John Lenis in 1563

7. From whom does the CLC community draws its inspiration?

   Ignatius of Loyola

8. Which is known as the badge of the Immaculate heart?

   Green scapular given to Sr Justin

9. Name the association started by St Don Bosco for the devotion to mother Mary?

   ADMA (Association of Mary for help of Christians)

10. Who is known as the Pope of Rosary?

    Pope Pius V



# Catechism News

- **Parents Seminar**

Rev. Fr. Jomis Kodakashery of Palghat diocese conducted a seminar for parents of all the catechism students on 8th December2019. Around 150 parents participated in the seminar. Thanks and wishes to all the parents for your participation.

- **Christmas Gift**

Wishes and prayers to all students who helped in decorating the Christmas tree, sold coupons and those who sacrificed items to make collections for the needy. May child Jesus bless you all.

- **Catechism day**

Catechism day will be celebrated on January 12th 2020. We request all the teachers, students and parents to extend your full support and cooperation.

- **Semester Examination.**

Semester exams for 10th,11th and 12th students will be held on 26th January 2020 from 10.00am to 12.30pm. All students are requested to prepare well for the exams.

- **Parish Feast**

Our parish feast will be celebrated on February 2nd 2020.There will be no catechism class on that day. Students are requested to attend the evening Qurbana and seek the blessings of God.

- **Bible Verse**

| | |
|---|---|
| Romans 8:28 | 5/1/2020 |
| Ephesians 2:10 | 12/1/2020 |
| Proverbs 1:7 | 19/1/2020 |
| Psalms 23:6 | 26/1/2020 |

- **G.K. Portions**

The following is the G.K portions for the semester examinations



| Standard | Syllabus |
|---|---|
| 4th | 1.Bilble – Pg No 6(1 to 30) |
| 5th | 1. Bible - Pg no 6(1 to 64) |
| | 2. Catholica Saba -Pg No 15(1 to 11) |
| 6th | 1. Bible - Pg no 6(1 to 64) |
| | 2. Catholica Saba -Pg No 15(1 to 11) |
| 7th | 1. Bible -Pg no 6(1 to 64) |
| | 2. Catholica Saba -Pg No 15(1 to 11) |
| 8th | 1. Bible -Pg no 6(1 to 64) |
| | 2. Catholica Saba -Pg No 15(1 to 11) |
| | 3. Reethukal -Pg No 22(1 to 15) |
| 9th | 1. Bible -Pg no 6(1 to 64) |
| | 2.Catholica Saba -Pg No 15(1 to 11) |
| | 3.Reethukal -Pg No 22(1 to 15) |
| 10th | 1.Bible -Pg no 6(1 to 64) |
| | 2.Catholica Saba -Pg No 15(1 to 11) |
| | 3.Reethukal -Pg No 22(1 to 15) |
| 11th | 1.Bible -Pg no 6(1 to 64) |
| | 2.Catholica Saba -Pg No 15(1 to 11) |
| | 3.Reethukal -Pg No 22(1 to 15) |
| 12th | 1.Bible -Pg no 6(1 to 64) |
| | 2.Catholica Saba -Pg No 15(1 to 11) |
| | 3.Reethukal -Pg No 22(1 to 15) |

# JANUARY 2020



| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| | | | **1**<br>Gen17:1-14<br>Is 43:1-7<br>Phil 2:5-11<br>Mt 1:18-25 | **2**<br>Acts 3:20-26<br>Mt 4:12-17 | **3**<br>Ex 15:11-21<br>Acts 1:12-14<br>Rom 16:17-20<br>Lk 1:39-45 | **4**<br>1Cor 2:11-15<br>Lk12:35-40 |
| **5**<br>Ex3:1-12<br>Is44:28-45:4<br>2Tim 3:10-15<br>Lk4:16-22a | **6**<br>Num24:15-25<br>Is11:1-5<br>Tit3:1-7<br>Mt3:13-17 | **7**<br>Tit3:8-11<br>Lk13:23-30 | **8**<br>1Cor6:15-20<br>Jn2:13-17 | **9**<br>1Cor2:6-10<br>Lk7:11-17 | **10**<br>Is40:1-8<br>Acts13:16-26<br>Eph2:19-3:7<br>Mk6:14-29 | **11**<br>Rom9:30-33<br>Jn10:31-39 |
| **12**<br>Num10:29-36<br>Is45:11-17<br>Heb3:1-6<br>Jn1:14-18 | **13**<br>1Cor11:17-22<br>Jn17:20-26 | **14**<br>1Cor12:12-18<br>Jn15:1-10 | **15**<br>Eph2:11-19<br>Jn21:15-19 | **16**<br>1Pet5:5-9<br>Mk4:35-41 | **17**<br>Gal3:26-29<br>Lk1:67-79 | **18**<br>2Cor11:21b-31<br>Mt16:13-1918<br>Rom10:10-20<br>Mk1:21-28 |
| **19**<br>Num11:11-20<br>Is45:18-46:4<br>Heb4:1-10<br>Jn1:29-34 | **20**<br>Jn5:1-5<br>Lk12:4-12 | **21**<br>Rom15:14-21<br>Jn17:6-11 | **22**<br>2Cor6:4-10<br>Lk3:15-18 | **23**<br>1Cor9:24-27<br>Mk10:17-22 | **24**<br>1Cor4:9-16<br>Mt10:1-15 | **25**<br>1Cor15:1-10<br>Mt20:1-16 |
| **26**<br>Num11:23-35<br>Is46:5-13<br>Heb7:23-28<br>Jn2:1-11 | **27**<br>Acts16:25-34<br>Lk5:12-16 | **28**<br>Heb4:1-7<br>Lk4:22-30 | **29**<br>Gal1:6-10<br>Jn10:1-6 | **30**<br>2Cor5:11-14<br>Jn1:35-42 | **31**<br>2Cor4:8-18<br>Mt23:34-39 | |

K.J GEORGE
Cell: 9865259919



Nirmala MATHA
CHITS (TAMIL NADU) PVT.LTD
0422 6506785
0422 2536785

A.G. VARGHESE

Phone : 0422-5514235
Mobile : 98422 18161

ATHANIKKAL ENGINEERING

Manufactures of : M.V. Panel Boards, Changeovar Panel Boards
Sub Switch Boards, Motor Control Centres, Bus Ducts,
Generator Centrol Panel Boards, All Taxtile Control Panel Boards,
AMF Control Panels

No. 13, Industrial Estate (Near Gem), Ganapathy, Coimbatore - 641 006.

# Divine

## Digital Diagnostics

(Centre for Accurate Clinical & Medical Investigations)

ISO 9001: 2015 Certified & AERB Govt. of India Approved Unit

டிவைன் இரத்தப் பரிசோதனை நிலையம்

0422-2523645
94439 13645
94893 63377







**DIGITAL X-RAY, LAB & ECG**

WORKING HOURS: 7-AM TO 9-PM
SUNDAY 7-AM TO 1-PM

## MASTER HEALTH CHECKUP 50% OFF

* HAEMATOLOGY * SEROLOGY * BIO CHEMISTRY * HORMONES * CLINICAL PATHOLOGY
*IMMUNOLOGY * ECG * MICROBIOLOGY * DIGITAL X-RAY (500MA) *MASTER HEALTH CHECKUP

Head office : 343, 3rd Street Exten., Gandhipuram Coimbatore-641012
Branch Office : 84, Amara Jeevanantham Road, Rathinapuri Coimbatore-641027
divinediagnoscbe@gmail.com

P.J. VARGHESE (JOBI)

✆ : 0422-2494007
98432 96007

# JOSE AUTOMOBILES

MULTIBRAND FOUR WHEELER SERVICE

MECHANICAL, TINKERING, PAINTING, ELECTRICAL, UPHOLSTRY, ACCESSORIES
A/C, WATER SERVICE, INTERIOR CLEANING, INTERIOR ENRICHMENT

# JB CABS

*Tours & Travel Operator*

*A/c Cars & Vans Available for Rent*
*Innova, Etios, Swift, Tempo Traveller, Swaraj Mazda*

205-A, 11th STREET, GANDHIPURAM, COIMBATORE - 12